# Kerala Tourism

## MATHRUBHUMI

### Tourism development: Micro plan for Kochi

**Date :** 15.7.2022 | **Edition : Kochi** | **Page :** 12 | **Clip size (cm) : W:** 12 **H:** 10

PDF (/pdfClipping/f3c37662-7e93-406b-af06-d8c340e0cc30)

---

ടൂറിസം വികസനം

# കൊച്ചിയിൽ മൈക്രോ പ്ലാൻ തയ്യാറാക്കും

**കൊച്ചി** ▸ ടൂറിസം വികസനത്തിനായി കൊച്ചിയിൽ മൈക്രോ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ്. നിയമസഭയിൽ ടി.ജെ. വിനോദ് എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു മന്ത്രി.

കൊച്ചിയുടെ ടൂറിസം സാധ്യതകളെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ നിരവധി പദ്ധതികൾ അണിയറയിൽ ഉണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നത് എറണാകുളം ജില്ലയിലാണ്. 2022-ലെ ഒന്നാംപാദത്തിൽ 811426 ആഭ്യന്തര വിനോദസഞ്ചാരികൾ എത്തിയ എറണാകുളം ജില്ല വിനോദസഞ്ചാരികളുടെ വരവിൽ ഒന്നാം സ്ഥാനത്താണ്. വിദേശ വിനോദ സഞ്ചാരികളുടെ കണക്കിലും ഒന്നാമത് എറണാകുളം തന്നെയാണ്. സഞ്ചാരികളുടെ സൗകര്യത്തിനായുള്ള ഹോസ്പിറ്റാലിറ്റി സെക്ടറുകളുടെ കാര്യത്തിലും മറ്റിടങ്ങളെ അപേക്ഷിച്ച് കൊച്ചി വളരെ മുന്നിലാണ്. സാഹചര്യങ്ങൾ കണക്കിലെടുത്താൽ കൊച്ചിക്ക് ടൂറിസംമേഖലയിൽ ഇനിയും ഏറെദൂരം മുന്നേറാൻ ഉണ്ട്.

കൊച്ചിയിൽ വാട്ടർ ടൂറിസത്തിന്റെ സാധ്യതകൾ അനന്തമാണ്. അത് പ്രയോജനപ്പെടുത്താൻ വാട്ടർ മെട്രോയുടെ വരവോടെ കഴിയുമെന്നാണ് വിലയിരുത്തൽ. വാട്ടർ മെട്രോതന്നെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രധാന കാര്യമായി മാറും. വാട്ടർ മെട്രോയെ മുൻനിർത്തി നിരവധി വികസനപ്രവൃത്തികൾ ചെയ്യാവുന്നതാണ്.

അതിലൊന്നാണ് നഗരത്തിലെ തുരുത്തുകളുടെ അനുബന്ധമായുള്ള വികസനം. അതിനുള്ള മൈക്രോ പ്ലാൻ തയ്യാറാകുന്നുണ്ട്. മന്ത്രി പി. രാജീവ്, ടി.ജെ. വിനോദ് എം.എൽ.എ., ഹൈബി ഈഡൻ എം.പി., കെ.ജെ. മാക്സി എം.എൽ.എ., മേയർ ഉൾപ്പെടെയുള്ള കൊച്ചി നഗരസഭാ ജനപ്രതിനിധികൾ മുന്നോട്ടുവെച്ച നിർദേശങ്ങൾ മുന്നിലുണ്ട്.

എല്ലാ ജനപ്രതിനിധികളുമായും കൂട്ടായി ചർച്ച ചെയ്ത് തീരുമാനത്തിൽ എത്തും. കൊച്ചി കേന്ദ്രമായി ക്രൂയിസ് ടൂറിസം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫുഡ് ടൂറിസം പദ്ധതിയെയും ഉൾപ്പെടുത്തും. വെണ്ടുരുത്തിയിലെ പഴയ പാലം ഫുഡ് സ്ട്രീറ്റാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.